തീയതി: 06.07.2015

## പത്രക്കുറിപ്പ്

## കുട്ടികളിലെത്തിയ പാഠപുസ്തകങ്ങൾ

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പാഠപുസ്തകം ലഭ്യമാക്കുന്നതിനും സ്കൂളുകളിൽ ലഭിച്ച പാഠപുസ്തകങ്ങളുടെ യഥാർത്ഥ കണക്ക് ശേഖരിക്കുന്നതിനുമായി വിദ്യാഭ്യാസ വകുപ്പ് ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്ന പാഠപുസ്തകങ്ങൾ ഓരോ സ്കൂളിലേയും ഓരോ കുട്ടിക്കും ലഭ്യമാക്കുന്നതിന് ക്രമീകരണമൊരുക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എല്ലാ സ്കൂൾ പ്രഥമാധ്യാപകരും അവരവരുടെ സ്കൂളുകളിൽ ഇതുവരെ ലഭിച്ച പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതും കണക്ക് ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതുമാണ്. സൊസൈറ്റികളിലും സ്കൂളുകളിലും പാഠപുസ്തകം ലഭിച്ചിട്ടും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ കാരണക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സ്കൂളുകളിൽ ലഭിക്കുന്ന പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുള്ള യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് www.itschool.gov.in എന്ന സൈറ്റിൽ Textbook Monitoring System എന്ന ലിങ്കിൽ ഓരോ സ്കൂളിലും ഇതുവരെ ലഭിച്ച പുസ്തകങ്ങളുടെ വിശദാംശങ്ങൾ 08.07.2015-ന് വൈകിട്ട് 4.00 മണിയ്ക്ക് മുമ്പ് ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ അവരവരുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിൽ പാഠപുസ്തകം ലഭ്യമാക്കുന്നതിനും ലഭ്യമായ പുസ്തകങ്ങൾ എത്രയും പെട്ടെന്ന് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും അടിയന്തിര ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത പ്രൈമറി വിദ്യാലയങ്ങൾ അടുത്തുള്ള ഹൈസ്കൂളുകൾ, ഐടി@സ്കൂൾ ജില്ലാ ഓഫീസ്, ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ടി സ്ഥാപനങ്ങൾ പ്രൈമറി വിദ്യാലയങ്ങൾക്ക് പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച സംശയനിവാരണത്തിന് ഐടി@സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്നും വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

6/7/15

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

DIRECTORATE OF PUBLIC INSTRUCTION THIRUVANANTHAPURAM